കയർ സഹകരണ സംഘങ്ങൾക്കുള്ള സഹായം

40 [3509] *ഡോ. എ. നീലലോഹിതദാസൻ നാടാർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാലു വർഷങ്ങൾക്കുള്ളിൽ കയർ വികസനത്തിന് കേന്ദ്രത്തിൽ നിന്നും എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ;

(ബി) കയർ സഹകരണ സംഘങ്ങൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഈ കാലയളവിൽ എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ നാലു വർഷങ്ങൾക്കുള്ളിൽ കയർ വികസനത്തിന് കേന്ദ്രത്തിൽനിന്നും 1523.25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 50% കേന്ദ്ര ആവിഷ്കൃത പദ്ധതിയായ വിപണി വികസന സഹായത്തിനായി കഴിഞ്ഞ 4 വർഷങ്ങളിൽ ലഭിച്ച 523.25 ലക്ഷം രൂപയും അഡീഷണൽ കേന്ദ്രസഹായമായി 2002-2003-ൽ ലഭിച്ച 500 ലക്ഷം രൂപയും 2004-2005-ൽ ലഭിച്ച 500 ലക്ഷം രൂപയും ഉൾപ്പെടുന്നു. ഇതുകൂടാതെ, ആലപ്പുഴ കയർ വ്യവസായത്തിന്റെ പശ്ചാത്തല വികസനത്തിനായി സംസ്ഥാന സർക്കാരും കയർ ബോർഡും ചേർന്നു സമർപ്പിച്ച ആലപ്പുഴ കയർ ക്ലസ്റ്റർ പദ്ധതി നടപ്പിലാക്കാൻ 56.8 കോടി രൂപയുടെ പ്രോജക്ട് കേന്ദ്ര സർക്കാർ അംഗീകരിക്കുകയും 14.2 കോടി രൂപ 2004-2005 സാമ്പത്തികവർഷം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ കഴിഞ്ഞ നാലു വർഷങ്ങളിൽ കയർ സഹകരണ സംഘങ്ങൾക്ക് വിവിധ പദ്ധതികളിലൂടെ 60.08 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ കേന്ദ്ര സർക്കാർ സഹായമായി ലഭിച്ച 1523.25 ലക്ഷം രൂപയും ഉൾപ്പെടുന്നുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

നക്ഷത്രചിഹ്നമിടാത്ത 3390, 3391, 3392, 3393, 3394, 3395, 3396, 3397, 3398, 3400, 3402, 3403, 3404, 3405, 3406, 3407, 3408, 3409, 3410, 3411, 3412, 3413, 3414, 3415, 3416, 3417, 3418, 3419, 3420, 3421, 3422, 3423, 3424, 3425, 3426, 3427, 3428, 3429, 3430, 3431, 3432, 3433, 3434, 3435, 3436, 3437, 3438, 3439, 3472, 3474, 3475, 3476, 3477, 3478, 3479, 3481, 3482, 3483, 3484, 3485, 3486, 3487, 3488, 3489, 3491, 3492, 3493, 3494, 3496, 3497, 3498, 3499, 3500, 3501, 3502, 3503, 3505, 3506, 3507, 3508, 3510, 3511 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരം ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly